# കേരള നിയമസഭ
# 15.02.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 15, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി

റവന്യൂവും കയറും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത് വകുപ്പുമന്ത്രി

## വരൾച്ച ദുരന്ത നിവാരണ അതോറിറ്റി

*241 ശ്രീ. വി. ചെന്താമരാക്ഷൻ
,, കെ. കെ. ജയചന്ദ്രൻ
'' രാജു എബ്രഹാം
'' കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ച സംബന്ധിച്ച് ദുരന്ത നിവാരണ അതോറിറ്റി പഠനം നടത്തിയിരുന്നോ; എന്തായിരുന്നു പഠന റിപ്പോർട്ട്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വരൾച്ച പ്രതിരോധിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിന് സാധ്യമായിട്ടുണ്ടോ; ഇതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ കാരണം എന്തായിരുന്നു;

(സി) കുടിവെള്ള വിതരണം അടക്കമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കേന്ദ്ര സഹായം നേടിയെടുക്കുന്നതിനും കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സാധിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട് ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) വരൾച്ചമൂലമുള്ള സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ഭൂരഹിതര്‍ക്ക് വിതരണം ചെയ്ത മിച്ചഭൂമിയുടെ വിനിയോഗം

*242 ശ്രീ. വി.എം. ഉമ്മര്‍ മാസ്റ്റര്‍
,, എം. പി. അബ്ദുസ്സമദ് സമദാനി
,, കെ.എന്‍.എ ഖാദര്‍
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭൂരഹിതര്‍ക്ക് വീടു വയ്ക്കാനും കൃഷിക്കും സര്‍ക്കാര്‍ വിതരണം ചെയ്യുന്ന മിച്ചഭൂമിയുടെ സിംഹഭാഗവും പാരിസ്ഥിതിക ദുര്‍ബല പ്രദേശങ്ങളുടെ പരിധിയില്‍ ഉള്‍പ്പെട്ടതാണെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) മുന്‍കാലങ്ങളില്‍ ഭൂരഹിതര്‍ക്ക് വിതരണം ചെയ്ത ഭൂമി പല ഗുണഭോക്താക്കളും ഏറ്റെടുക്കാതിരിക്കുകയോ, ഉപേക്ഷിച്ചു പോവുകയോ ഉണ്ടായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ അതിന്റെ കാരണങ്ങള്‍ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ഭവനരഹിതരെ, അവര്‍ക്കു നല്കിയ ഭൂമിയില്‍ വീടു കെട്ടുന്നതില്‍ വിമുഖരാക്കുന്നു എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; ഇക്കാര്യങ്ങളില്‍ പ്രായോഗിക പരിഹാരമുണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

റോഡിലെ അപകടനിവാരണത്തിനും സുരക്ഷയ്ക്കും പദ്ധതി

*243 ശ്രീ. പി. എ. മാധവന്‍
,, ഷാഫി പറമ്പില്‍
,, അന്‍വര്‍ സാദത്ത്
,, വി.റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ റോഡുകളിലെ അപകടനിവാരണത്തിനും സുരക്ഷയ്ക്കും വേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതിക്ക് എന്ത് തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ബി) റോഡപകടങ്ങള്‍ ഉണ്ടാകാതിരിക്കാനുള്ള മുന്‍കരുതല്‍ എന്ന നിലയില്‍ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ ;

(സി) ഇതിനായി ജില്ലാ തലത്തില്‍ സമിതികള്‍ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

<u>മിച്ചഭൂമിവിതരണത്തിലെ അപാകതകൾക്കു പരിഹാരം</u>

*244 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ഇ. പി. ജയരാജൻ
,, എ. കെ. ബാലൻ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിച്ചഭൂമി ഏറ്റെടുക്കുന്നതിൽ ഉണ്ടായിട്ടുള്ളതായ പിഴവുകൾ പരിഹരിച്ച്, അവശേഷിക്കുന്ന മിച്ചഭൂമി കൂടി അടിയന്തിരമായി ഏറ്റെടുത്തു വിതരണം ചെയ്യാൻ സർക്കാർ തയ്യാറാകുമോ;

(ബി) പാട്ടക്കരാറുകൾക്കു വിരുദ്ധമായി നിലവിലുള്ള തോട്ടങ്ങൾക്കുള്ളിൽത്തന്നെ കൃഷിചെയ്യാതെ തരിശിട്ടിരിക്കുന്ന ആയിരക്കണക്കിന് ഏക്കർ ഭൂമിയുണ്ടെന്ന കാര്യം സർക്കാരിനറിയുമോ;

(സി) ഇത്തരത്തിൽ ബാക്കിനിൽപ്പുള്ള ഭൂമി മിച്ചഭൂമിയായി കണക്കാക്കി ഏറ്റെടുത്ത് ഭൂരഹിതർക്കു വിതരണം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഭൂപരിധിയിൽനിന്നൊഴിവാക്കപ്പെട്ട തോട്ടങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ സർക്കാർ കൊണ്ടുവന്ന ഭേദഗതികളെക്കുറിച്ചു പുനർവിചിന്തനം നടത്താനും, അത്തരം ഭൂമി കൂടി ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും പട്ടികജാതി വിഭാഗങ്ങൾക്കും വിതരണം ചെയ്യാനും കഴിയുംവിധം നിയമനിർമ്മാണം നടത്താനും സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
# 15.02.2013–ലെ മറുപടിക്ക്

<u>റേഷൻ കടകളിൽ പോയിന്റ് ഓഫ് സെൽ സംവിധാനം</u>

*245 ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. സി. ദിവാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത സംവിധാനത്തിൻകീഴിൽ എന്തെല്ലാമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) റേഷൻ കടകളിൽ പോയിന്റ് ഓഫ് സെൽ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ ആയിട്ടുണ്ടോ; ഒരു റേഷൻ കടയിൽ ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് എത്ര തുക ചെലവാകും; ഈ തുക സർക്കാരിൽ നിന്നും നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആകെ എത്ര തുക ചെലവു പ്രതീക്ഷിക്കുന്നു; ഇതുമൂലം പൊതുവിതരണ സമ്പ്രദായത്തിലെ അഴിമതി എത്രത്തോളം തടയാനാകും ?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

<u>ബോട്ടിലിംഗ് പ്ലാന്റുകളുടെ സുരക്ഷ</u>

*246 ശ്രീ. കെ. എൻ. എ ഖാദർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ഒ. സി. യുടെ കീഴിലുള്ള ബോട്ടിലിംഗ് പ്ലാന്റുകളുടെ സുരക്ഷാ ക്രമീകരണങ്ങളും മറ്റു മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കാൻ ഏതെല്ലാം ഏജൻസികൾക്കാണ് ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബോട്ടിലിംഗ് പ്ലാന്റുകളിലേക്കുള്ള വാതക കണ്ടെയ്നറുകളുടെ നീക്കം പരിശോധിക്കാനും, സുരക്ഷ ഉറപ്പാക്കാനും എന്തൊക്കെ സംവിധാനങ്ങളാണ് എർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) അശ്രദ്ധയും, മാനദണ്ഡങ്ങൾ പാലിക്കാത്തതും മൂലം ബോട്ടിലിംഗ് പ്ലാന്റുകളും, വാതകം കൊണ്ടുപോകുന്ന കണ്ടെയ്നറുകളും ജനജീവിതത്തിനുയർത്തുന്ന ഭീഷണി ഇല്ലാതാക്കാൻ എല്ലാ പരിശോധനാ ഏജൻസികളുടെയും സംയുക്ത പരിശോധന നടത്താൻ നിർദ്ദേശിക്കുമോ?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

<u>കഴിവുകള്‍ വികസിപ്പിക്കുന്നതിന് പരിശീലനം</u>

*247 ശ്രീ. എന്‍. ഷംസുദ്ദീന്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, സി. മോയിന്‍ കുട്ടി
,, പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സെക്കന്ററി സ്കൂള്‍ തലത്തില്‍ വിദ്യാര്‍ത്ഥികളുടെ ക്രിയേറ്റീവായിട്ടുള്ള കഴിവുകള്‍ വികസിപ്പിക്കുന്നതിനും വിവിധ ഉപകരണങ്ങളും അസംസ്കൃത പദാര്‍ത്ഥങ്ങളും ഉപയോഗിച്ച് ഉല്പന്നങ്ങള്‍ ഉണ്ടാക്കാനുമുള്ള പരിശീലനം നല്‍കുന്നതിനുമായി എന്തൊക്കെ പരിപാടികളാണ് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി സ്കൂളുകളില്‍ നിര്‍മ്മാണശാലകള്‍ തുടങ്ങാന്‍ ഉദ്ദേശ്യമുണ്ടോ;

(സി) കൃഷിയില്‍ പരിശീലനം നല്‍കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(ഡി) കുട്ടികളുണ്ടാക്കുന്ന ഉല്പന്നങ്ങള്‍ വിറ്റഴിക്കാനും അതിന്റെ വിഹിതം അവര്‍ക്കു നല്‍കാനും ആവശ്യമായ മേളകള്‍ സംഘടിപ്പിക്കാന്‍ ഉദ്ദേശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സൈലോകള്‍ ആരംഭിക്കാന്‍ നടപടി</u>

*248 ശ്രീ. വര്‍ക്കല കഹാര്‍
,, റ്റി. എന്‍. പ്രതാപന്‍
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സൈലോകള്‍ ആരംഭിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഭക്ഷ്യധാന്യ ശേഖരം വര്‍ദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി സ്ഥാപിക്കാനുള്ള സ്ഥലം എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്കായി ലഭിക്കുന്നത് ?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

<u>കയർ മേഖല നേരിടുന്ന പ്രതിസന്ധികൾ</u>

*249 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ജി. സുധാകരൻ
,, കെ. ദാസൻ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർമേഖല നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ഈ മേഖലയെ മാത്രം ആശ്രയിച്ചു കഴിയുന്ന തൊഴിലാളികളുടെ സംരക്ഷണത്തിനും നടപടി സ്വീകരിക്കുമോ;

(ബി) കയർമേഖലയുടെ പ്രതിസന്ധി സംബന്ധിച്ച് ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എപ്പോഴാണ്; വിശദമാക്കാമോ;

(സി) അടഞ്ഞുകിടക്കുന്ന കയർ സംഘങ്ങൾ തുറക്കുന്നതിനും, തൊണ്ടും ചകിരിയും സംഭരിക്കാനും സ്വീകരിച്ച നടപടികൾ എന്താണ് ?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

ബാങ്ക് അക്കൗണ്ട് വഴി (റേഷൻ) സബ്സിഡി

*250 ശ്രീ. പി. റ്റി. എ. റഹീം
,, പുരുഷൻ കടലുണ്ടി
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സബ്സിഡി നേരിട്ട് ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ജനുവരി മാസത്തോടെ നടപ്പാക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) ഗുണഭോക്താക്കൾക്ക് ആധാർ രജിസ്ട്രേഷൻ നിർബന്ധിതമാക്കിയിട്ടുണ്ടോ; ഇതിൽ എത്ര പേർക്ക് ഇതിനകം ആധാർ രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ട്;

(ഡി) സബ്സിഡി ലഭിക്കുന്നതിന് എത്ര ഗുണഭോക്താക്കൾ ഇതിനകം ബാങ്ക് അക്കൗണ്ട് തുടങ്ങിയെന്ന് വെളിപ്പെടുത്താമോ;

(ഇ) ബാങ്ക് അക്കൗണ്ട് വഴി (റേഷൻ) സബ്സിഡി നൽകുന്ന രീതി നടപ്പാക്കിയ സംസ്ഥാനങ്ങളിൽ ഇത് ലക്ഷ്യം നേടാനായില്ല എന്ന കാര്യം വിലയിരുത്തുകയുണ്ടായോ; ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ബാങ്ക് വഴി സബ്സിഡി നൽകാനുള്ള തീരുമാനം പുന:പരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജ്</u>

*251 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, രാജു എബ്രഹാം
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയ അദ്ധ്യാപക പാക്കേജിനെ സംബന്ധിച്ച് അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) പാക്കേജുമായി ബന്ധപ്പെട്ട പ്രഖ്യാപനം എല്ലാം നടപ്പാക്കാൻ സാധ്യമായിട്ടുണ്ടോ; അവശേഷിക്കുന്നവ വിശദമാക്കാമോ;

(സി) പാക്കേജ് നടപ്പിലാക്കുന്നതിൽ എന്തെല്ലാം കാര്യങ്ങളിൽ മാനേജ്മെന്റുകൾ ഇപ്പോഴും നിസ്സഹരിക്കുകയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പാക്കേജുമായി ബന്ധപ്പെട്ട് മാനേജ്മെന്റുകൾക്ക് വേണ്ടി എന്തെല്ലാം ഇളവുകൾ അനുവദിക്കുകയുണ്ടായി ;

(ഇ) പാക്കേജ് പ്രഖ്യാപിക്കുന്നതിനു മുമ്പ് അദ്ധ്യാപകരുടെ സേവന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന വ്യവഹാരങ്ങൾ എത്രയായിരുന്നു ; നിലവിൽ എത്ര വ്യവഹാരങ്ങൾ ഉണ്ട് ?

# കേരള നിയമസഭ
# 15.02.2013–ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികൾക്ക് ടാബ്ലറ്റ് കമ്പ്യൂട്ടറുകൾ</u>

*252 ശ്രീ. എ. റ്റി. ജോർജ്
,, എം. എ. വാഹിദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും ടാബ്ലറ്റ് കമ്പ്യൂട്ടറുകൾ നൽകാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വിദ്യാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി ലഭിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യസബ്സിഡി തുക നേരിട്ട് അക്കൗണ്ടില്‍ എത്തിക്കുന്ന പദ്ധതി</u>

*253 ശ്രീ. കെ.കെ. നാരായണന്‍
,, സി.കെ. സദാശിവന്‍
ശ്രീമതി കെ.കെ.ലതിക
ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷ്യ സബ്സിഡി നേരിട്ട് പണമായി ഉപഭോക്താക്കളുടെ അക്കൗണ്ടുകളില്‍ എത്തിക്കാനുമുള്ള പദ്ധതി നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ടോ; ഇതിനകം സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ദരിദ്രജനവിഭാഗങ്ങള്‍ക്ക് സബ്സിഡി രഹിതനിരക്കില്‍ ഭക്ഷ്യസാധനങ്ങള്‍ വാങ്ങാന്‍ പണമുള്ളതായി കരുതുന്നുണ്ടോ; ഇല്ലെങ്കില്‍ പ്രസ്തുത പദ്ധതി ദരിദ്ര ജനവിഭാഗങ്ങള്‍ക്ക് കൂടുതല്‍ ദുരിതം ക്ഷണിച്ചുവരുത്തുന്നതാണെന്ന കാര്യം പരിഗണിക്കുമോ;

(സി) ഭക്ഷ്യ സബ്സിഡി സംവിധാനത്തിലെ മാറ്റം കുടുംബങ്ങള്‍ക്കുള്ളില്‍ സൃഷ്ടിക്കുന്ന വിതരണ പ്രത്യാഘാതങ്ങള്‍ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

ആർ.എം.എസ്.എ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

*254 ശ്രീ. അൻവർ സാദത്ത്
'' വി.പി. സജീന്ദ്രൻ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം വിശദമാക്കുമോ;

(ബി) പദ്ധതികൾ നടപ്പാക്കാൻ എത്ര കോടി രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കാനാണ് തുക അനുവദിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതികൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

<u>കാലാവസ്ഥാ നിരീക്ഷണ സെന്ററുകൾ</u>

*255 ശ്രീ. കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ അതോറിറ്റിയുടെ സ്വയം നിയന്ത്രിത യന്ത്രവൽകൃത കാലാവസ്ഥ നിരീക്ഷണ സെന്ററുകൾ ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആദ്യഘട്ടത്തിൽ എവിടെയൊക്കെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

<u>മോണോ റെയിൽ</u>

*256 ശ്രീ. എളമരം കരീം
'' വി. ശിവൻകുട്ടി
'' ബി. സത്യൻ
'' എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മോണോ റെയിൽ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ മോണോ റെയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു; ഓരോ പദ്ധതിയുടെ മതിപ്പ് ചെലവ് വിശദമാക്കുമോ;

(സി) നടപ്പു വർഷം സംസ്ഥാന ബജറ്റിൽ ഇതിന് വകയിരുത്തപ്പെട്ട തുക എത്ര; എന്തു തുക ഏതെല്ലാം ഇനങ്ങളിൽ ഇതിനകം ചെലവായിട്ടുണ്ട്;

(ഡി) മോണോ റെയിൽ പദ്ധതിക്ക് ഏതെല്ലാം ഏജൻസികളിൽ നിന്നുള്ള പണം ലഭിക്കുമെന്ന് ഉറപ്പായിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

<u>സബ്സിഡി സിലിണ്ടറുകൾ</u>

*257 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. സി. കെ. സദാശിവൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ്സിഡി സിലിണ്ടറുകൾ പരിമിതപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ തീരുമാനം നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ പാചകവാതക ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൃത്രിമ ക്ഷാമം സൃഷ്ടിച്ചും ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിച്ചും ഗ്യാസ് ഏജൻസികളുടെ തട്ടിപ്പിന് ഉപഭോക്താക്കൾ ഇരയാകുന്നത് ഗൗരവതരമായി കാണുമോ ;

(സി) ഉപഭോക്താക്കൾക്ക് സിലിണ്ടർ എത്തിക്കുന്നതിൽ വീഴ്ച വരുത്തിയ ഏതെങ്കിലും ഗ്യാസ് ഏജൻസിയുടെ ലൈസൻസ് റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഉപഭോക്താക്കളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംവിധാനങ്ങൾ നിഷ്ക്രിയമായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

'ഇൻഫ്രാസ്ട്രക്ചർ കോൺഫറൻസ് -2012'

*258 ശ്രീ. റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടിസ്ഥാന മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി നടത്തിയ 'ഇൻഫ്രാസ്ട്രക്ചർ കോൺഫറൻസ് -2012' ൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 15.02.2013–ലെ മറുപടിക്ക്

<u>കമ്പോളവിലയും പൊതുവിതരണ സംവിധാനങ്ങളിലെ വിലയും</u>

*259 ശ്രീ എം. ഹംസ
,, എളമരം കരീം
,, എ.എം. ആരിഫ്
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വീണ്ടും കുതിച്ചുയർന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലവർദ്ധനമൂലം വലയുന്ന ജനങ്ങളുടെ പ്രയാസങ്ങൾ സംബന്ധിച്ചും വിപണിയിലെ ഇടപെടലുകളെ സംബന്ധിച്ചും വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇന്ധനവിലയിലുണ്ടാകുന്ന നേരിയ വർദ്ധനപോലും ജനങ്ങളെ വ്യത്യസ്ത രീതികളിൽ പ്രയാസപ്പെടുത്തുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇന്ധന വില കൂട്ടിയ സാഹചര്യത്തിലും സർക്കാർ സംവിധാനങ്ങളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾക്കും അടിക്കടി വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ് ;

(ഡി) ഭക്ഷ്യവസ്തുക്കൾക്ക് കമ്പോളത്തിലുള്ള വിലയും സർക്കാർ സംവിധാനങ്ങളിലുള്ള വിലയും തമ്മിൽ നിലവിൽ വ്യത്യാസമില്ലാത്ത അവസ്ഥയുണ്ടായിട്ടുണ്ടോ ?

## കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

ദേശീയപാതയിൽ രണ്ടുവരി ബൈപ്പാസ്

*260 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, റ്റി. വി. രാജേഷ്
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളിൽ ഏതെല്ലാം ഭാഗങ്ങളിൽ രണ്ടുവരി ബൈപ്പാസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ബി) സർക്കാർ ഭരണാനുമതി നൽകിയ എത്ര പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; അവശേഷിക്കുന്നവ എത്ര; വിശദമാക്കുമോ;

(സി) നടപ്പുവർഷം പൂർത്തീകരിക്കാനുദ്ദേശിച്ച ബൈപ്പാസുകൾ ഏതൊക്കെയായിരുന്നു; അവയിൽ ഓരോന്നും ഏതു ഘട്ടങ്ങളിലാണ്; വ്യക്തമാക്കുമോ;

(ഡി) നടപ്പുവർഷത്തെ ബഡ്ജറ്റിൽ എന്തു തുക ഇതിനായി വകയിരുത്തിയിരുന്നു;ചെലവായതെത്ര; വിശദമാക്കുമോ;

(ഇ) ഇനിയും ബൈപ്പാസ് അനിവാര്യമായിട്ടുള്ള ദേശീയപാതയിലെ സ്ഥലങ്ങൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

<u>സേഫ് കോറിഡോർ പദ്ധതി</u>

*261 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ്
,, വർക്കല കഹാർ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡു സുരക്ഷയ്ക്ക് സേഫ് കോറിഡോർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ റോഡുകളിലെ മരണനിരക്ക് കുറയ്ക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം സഹായങ്ങളാണ് ലോകബാങ്കിൽനിന്നും ലഭിക്കുന്നത്?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>സ്കൂൾ പാചകതൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി</u>

*262 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ എൽ.കെ.ജി മുതൽ എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് സർക്കാർ സ്കൂളുകളിൽ 'പാചകതൊഴിലാളി' (കുക്ക്) എന്ന തസ്തിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയുടെ വേതന നിരക്ക് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ പല വകുപ്പുകളിലും പതിനഞ്ച് വർഷത്തിന് മുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുള്ളവരെ സ്ഥിരപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പാചകതൊഴിലാളികളുടെ കാര്യത്തിൽ അനുകൂലമായ തീരുമാനം ഈ സർക്കാർ കൈക്കൊള്ളുമോ;

(സി) പാചകതൊഴിലാളികൾക്ക് പെൻഷൻ നൽകുമോ; ആയതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>അൺ - എയിഡഡ് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സേവന - വേതന വ്യവസ്ഥകൾ</u>

*263 ശ്രീ. ഇ. കെ. വിജയൻ
,, വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺഎയിഡഡ് വിദ്യാലയങ്ങളിലെ അധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) നിലവിൽ അൺ എയിഡഡ് അധ്യാപകർക്കും ജീവനക്കാർക്കും സേവന-വേതനം ഏതു വ്യവസ്ഥയനുസരിച്ചാണ് നിശ്ചയിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>റോഡുകളിൽ ടാറിനു പകരം കോൺക്രീറ്റ്</u>

*264 ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ ടാറിനു പകരം കോൺക്രീറ്റ് ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് വിദഗ്ദ്ധരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളുടെ സ്റ്റോറേജ് സൗകര്യങ്ങള്‍</u>

*265 ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍
,, റോഷി അഗസ്റ്റിന്‍
,, പി.സി. ജോര്‍ജ്
ഡോ. എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളുടെ സ്റ്റോറേജ് സൗകര്യങ്ങള്‍ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുന്ന ഗോഡൗണുകള്‍ ഏതെല്ലാമാണ്; അപര്യാപ്തത പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) എഫ്.സി.ഐ. ഗോഡൗണുകളില്‍ ഭക്ഷ്യധാന്യങ്ങള്‍ ശാസ്ത്രീയമായി സൂക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശങ്ങള്‍ നല്‍കുമോ;

(ഡി) പ്രസ്തുത ഗോഡൗണുകളില്‍ എന്തെങ്കിലും ബ്രേക്ക് ഡൗണ്‍ വന്നാല്‍ അതിനെ അതിജീവിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

''സമ്പൂർണ്ണ പദ്ധതി'' യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

*266 ശ്രീ. ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''സമ്പൂർണ്ണ പദ്ധതി'' യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) ഈ പദ്ധതി ഏതെല്ലാം ഏജൻസി വഴിയാണ് നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കുട്ടികളുടെയും അധ്യാപകരുടെയും എന്തെല്ലാം വിശദാംശങ്ങളാണ് ഈ പദ്ധതി വഴി ശേഖരിക്കുന്നത്;

(ഡി) സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ വിവരങ്ങൾ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ശേഖരിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

<u>സുരക്ഷാ അറ്റ് സ്കൂൾ പദ്ധതി</u>

*267 ശ്രീ. ഹൈബി ഈഡൻ
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുരക്ഷാ അറ്റ് സ്കൂൾ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) സ്കൂൾ ബസ്സുകളുടെ നിയന്ത്രണവും കുട്ടികളുടെ യാത്രാ നിരീക്ഷണവും അത്യാഹിത സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് അടിയന്തിരസന്ദേശം നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) ഏതെല്ലാം സർക്കാർ ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) അപകടത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കാര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

<u>ഓൺലൈനിലൂടെയുള്ള വസ്തുവിന്റെ ഓട്ടോമാറ്റിക് പോക്കുവരവ്</u>

*268 ശ്രീ. ജി. സുധാകരൻ
,, എസ്. ശർമ്മ
,, കെ. വി. വിജയദാസ്
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവർണറുടെ മുൻ നയപ്രഖ്യാപന പ്രസംഗത്തിലൂടെ സർക്കാർ പ്രഖ്യാപിച്ച ഓൺലൈനിലൂടെയുള്ള വസ്തുവിന്റെ ഓട്ടോമാറ്റിക് പോക്കുവരവിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും കുറ്റമറ്റ രീതിയിലും പൂർത്തിയാക്കുന്നതിന് ആധുനിക വിവര സാങ്കേതിക വിദ്യയിലൂടെ ഏകോപിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ;

(സി) വ്യാജ ആധാരങ്ങളുടെ പോക്കുവരവ് തടയുന്നതിനുള്ള നടപടികൾ ചട്ടങ്ങളിൽ ഭേദഗതി വരുത്തി നടപ്പാക്കുകയുണ്ടായോ;

(ഡി) റീസർവ്വേ നടപടികൾ നിർത്തിവെച്ചത് അപാകതകൾമൂലം പോക്കുവരവ് സാദ്ധ്യമാകാത്ത കേസുകളിൽ ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടോ;

(ഇ) ഈ ഘട്ടത്തിൽ ആധാരം എഴുത്തുകാർ നേരിടുന്ന തൊഴിൽ പ്രശ്നം ഏതുനിലയിലാണ് പരിഹരിക്കുന്നത്; വിശദമാക്കുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കയർ തൊഴിലാളികളുടെ മിനിമം വേതനം</u>

*269 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിച്ചിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ ;

(സി) കയർ മേഖലയുടെ സമഗ്ര വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

വിദ്യാർത്ഥികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ്

*270 ശ്രീ. ഇ. ചന്ദ്രശേഖരൻ
'' കെ. അജിത്
'' ചിറ്റയം ഗോപകുമാർ
'' ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷം സംസ്ഥാനത്തെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും ഏകീകൃത തിരിച്ചറിയൽ കാർഡ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഈ തീരുമാനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) അൺ എയ്ഡഡ് സ്കൂളുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിന് ആരെയെല്ലാമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) ഈ അദ്ധ്യയന വർഷം ഇതുവരെ ഓരോ ജില്ലയിലും എത്ര ശതമാനം വിദ്യാർത്ഥികൾക്കു കാർഡ് നൽകാൻ കഴിഞ്ഞിട്ടുണ്ട്; ഇനിയുള്ളവർക്ക് സമയബന്ധിതമായി ഇത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ഫെബ്രുവരി 6.